**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 660** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** <u>ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ്</u>

കേരളീയരായ പട്ടികജാതി, വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന വിദേശ പഠന സ്കോളർഷിപ്പ് പദ്ധതി, G.O(P)No.5/2023/SCSTDD, dated 01/08/2023 പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് വകുപ്പും, ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODEPEC) സംയുക്തമായി ഗവൺമെന്റ് ഓഫ് കേരള-'ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**(ബി)** പ്രസ്തുത പദ്ധതികളെല്ലാം തുടരുന്നതിനോ പുനരാവിഷ്കരിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതി തുടർന്ന് വരുന്നു.

**(സി)** പ്രസ്തുത പദ്ധതികളിലൂടെ ഉണ്ടായ പുരോഗതിയും മാറ്റങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിരവധി പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം സാധ്യമാക്കുന്നതിനും അതുവഴി മികച്ച തൊഴിലവസരങ്ങൾ നേടുന്നതിനും സാധിച്ചു.

**സെക്ഷൻ ഓഫീസർ**